**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതു കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക ഇ-ഗ്രാന്റ്സ് ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23 വർഷം ആകെ 139042 വിദ്യാർഥികൾ അപേക്ഷിച്ചതിൽ 137670 വിദ്യാർഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തി. 2023-24 വർഷം ആകെ 135550വിദ്യാർഥികൾ അപേക്ഷിച്ചതിൽ 133569 വിദ്യാർഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തി വരുന്നു. ഇനി 203.706 കോടി രൂപ കുടിശികയായി അനുവദിക്കാനുണ്ട്. |
| (സി) | ഇ-ഗ്രാന്റ്സ് അവസാനമായി വിതരണം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ; | (സി) | 11.05.2024 ലാണ് ഇ-ഗ്രാന്റ്സ് അവസാനമായി വിതരണം ചെയ്തത്. ഈ വർഷത്തെ ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ നിന്നും 30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇ-ഗ്രാന്റ്സ് കാലതാമസം കൂടാതെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 11.05.2024 ലാണ് ഇ-ഗ്രാന്റ്സ് അവസാനമായി വിതരണം ചെയ്തത്. ഈ വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ